# കേരള സാഹിത്യ അക്കാദമി

പി.ബി.നമ്പർ 501, ടൗൺ ഹാൾ റോഡ്, തൃശൂർ 680020, ഫോൺ&ഫാക്സ് 0487 2331069, 2331103
ഇ.മെയിൽ: keralasahityaakademi@gmail.com
വെബ്സൈറ്റ്: www keralasahityaakademi.org


22.09.2017

**പത്രക്കുറിപ്പ്:**

## സാഹിത്യത്തെ സഹായിക്കുന്നത് കലകൾ

### വൈശാഖൻ

സാഹിത്യത്തെ ഏറ്റവും കൂടുതൽ സഹായിക്കുന്നത് കലയാണെന്ന് വൈശാഖൻ പറഞ്ഞു. കേരള സാഹിത്യ അക്കാദമിയും കൊടകര സഹൃദയ കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ് മലയാളവിഭാഗവും സംയുക്തമായി സംഘടിപ്പിച്ച സഹിതം 2017 ദ്വിദിന സാഹിത്യശില്പശാല ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഏറ്റവും കൂടുതൽ മനുഷ്യരിലേയ്ക്ക് എത്താൻ സഹായിക്കുന്നത് ചിന്തയാണെന്നും ചിന്തയുടെ കലയായ സാഹിത്യമാണ് അതിന് ആധാരമെന്നും അദ്ദേഹം പറഞ്ഞു. നമ്മൾ മനുഷ്യരാണെന്നുള്ളത് നമ്മുടെ തെറ്റിദ്ധാരണയാണ്. മനുഷ്യരിലേയ്ക്ക് എത്തിച്ചേരാൻ ഇനിയും ഏറെ ദൂരമുണ്ട്. അതിനുദാഹരണങ്ങളാണ് രോഹിത് വെമുല പോലുള്ള വിഭാഗത്തിന്റെ നാടുകടത്തലും ഉത്തര കൊറിയയും അമേരിക്കയും തമ്മിലുള്ള യുദ്ധകാഹളവുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. കഥാകൃത്ത് വി.ആർ.സുധീഷ് മുഖ്യപ്രഭാഷണം നടത്തി. ഇരിങ്ങാലക്കുട രൂപത മെത്രാൻ മാർ പോളി കണ്ണൂക്കാടൻ അധ്യക്ഷതവഹിച്ചു. സഹൃദയ കോളേജ് എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ.ടൈറ്റസ് കാട്ടുപറമ്പിൽ, വി.ജി.തമ്പി, അനൂപ് ഡേവീസ് എന്നിവർ സംസാരിച്ചു. വിവിധ സർവ്വകലാശാലകളിൽ നിന്നുള്ള 170 -ൽ പരം വിദ്യാർത്ഥികൾ പ്രതിനിധികളായി പങ്കെടുത്തു.

തുടർന്നു നടന്ന സെമിനാറിൽ കുരീപ്പുഴ ശ്രീകുമാർ, ആലങ്കോട് ലീലാകൃഷ്ണൻ, ഡോ.എം.വി.നാരായണൻ, ബെന്യാമിൻ, സിവിക് ചന്ദ്രൻ എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. ശില്പശാല നാളെ സമാപിക്കും.

**ഡോ.കെ.പി.മോഹനൻ**
സെക്രട്ടറി

JM